(ബി) ഇതു സംബന്ധിച്ച ബോർഡിന്റെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം പ്രസക്തമല്ല.

കുടിശ്ശിക വരുത്തുകയും അമിത പലിശ അടയ്ക്കേണ്ടിവരികയും ചെയ്യുന്ന വിഭാഗത്തെ സഹായിക്കുന്നതിന് സ്വീകരിച്ച ആശ്വാസ നടപടികൾ

82 [4960] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക വരുത്തുകയും അമിത പലിശ അടയ്ക്കേണ്ടിവരികയും ചെയ്യുന്ന വിഭാഗത്തെ സഹായിക്കുന്നതിന് എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) വൺടൈം സെറ്റിൽമെന്റിന്റെ പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഏതെല്ലാം സഹകരണസ്ഥാപനങ്ങളാണ് വരുന്നത്; ഇതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചില സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ ചെറുകിടകർഷകർക്കായി കാർഷിക കടാശ്വാസ പദ്ധതിയും സഹകരണ വായ്പാ മേഖലയിൽ മൊത്തമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വൺ ടൈം സെറ്റിൽമെന്റ് പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് 31-3-2001-ലെ വായ്പ കുടിശ്ശിക 31-12-2003-നകം അടച്ചുതീർക്കാവുന്നതാണ്. അപ്രകാരം വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് പിഴപലിശ, കൂട്ടുപലിശ, മറ്റ് അനാമത്ത് ചെലവുകൾ എന്നിവ ഒഴിവാക്കി 31-3-2001-ലെ ബാക്കി നില്പ് വായ്പ തുകയും പലിശയും ചേർന്ന സെറ്റിൽമെന്റ് തുകയ്ക്ക് 12% പലിശ നൽകിയാൽ മതിയാകുന്നതാണ്. വൺ ടൈം സെറ്റിൽമെന്റ് പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ വായ്പതുക

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനും ഒറ്റത്തവണയായി അടച്ചുതീർക്കാൻ കഴിയാതെവരുന്ന വായ്പക്കാർക്ക് 31-3-2001-ലെ ബാക്കി നില്പ് തുകയുടെ (മുതലും പലിശയും ചേർന്ന തുക) 10% അഡ്വാൻസായി 31-12-2003-ന് മുമ്പ് അടയ്ക്കാവുന്നതും ശേഷിക്കുന്ന തുക 10 പ്രതിമാസ തവണകളായി 31-3-2001 മുതൽ 12% പലിശയോടുകൂടി അടച്ചുതീർക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, അർബൻ ബാങ്കുകൾ, മറ്റു പ്രൈമറി, ക്രെഡിറ്റ് സംഘങ്ങൾ എന്നിവയെ വൺ ടൈം സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളിൽ 31-12-2003 വരെയും സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ 31-3-2004 വരെയുമാണ് ടി പദ്ധതിയുടെ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

സഹകരണ ആശുപത്രികൾക്ക് വായ്പ

83 [4962] ശ്രീ. എൻ. ശക്തൻ:
„ പി. ജെ. ജോയി:
„ വി. ജെ. പൗലോസ്:
„ എൻ. ഡി. അപ്പച്ചൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ 'സഹകരണ ആശുപത്രികൾക്ക് പത്തു ലക്ഷം രൂപയിൽ കൂടുതൽ വായ്പയായോ സംഭാവനയായോ നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം സഹകരണ ആശുപത്രികൾക്കാണ് ഇപ്രകാരം നൽകിയത്;

(സി) അതിൽ ഏതെങ്കിലും ആശുപത്രിക്ക് നൽകിയ സംഭാവന തിരിച്ച് പിടിക്കണമെന്ന് നബാർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സഹകരണ ആശുപത്രിക്ക് നൽകിയ സംഭാവനയാണ് തിരിച്ചുപിടിക്കുവാൻ നിർദ്ദേശിച്ചത്;

(ഇ) പ്രസ്തുത നിർദ്ദേശമനുസരിച്ച് തുക തിരിച്ചുപിടിച്ചുവോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly